"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - പത്തനാപുരം ടിമ്പർ ഡിപ്പോയിലെ ചുറ്റുമതിൽ നിർമ്മാണത്തിലെ ക്രമക്കേട് - റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.പ്രസന്നകുമാറിനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.76/2023/F&WLD തീയതി,തിരുവനന്തപുരം, 17-02-2023

---

പരാമർശം:- 1. 31.08.2019-ലെ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ CPSP-1-27538/2019/DVACB നമ്പർ കത്ത്.

2. 05.12.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-6173/2019 നമ്പർ കത്ത്.

3. 10.11.2021 തീയതിയിലെ എ2/98/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

4.02.12.2021, 08.03.2022 തീയതിയായി ശ്രീ.എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപേക്ഷകൾ.

5. 09.06.2022-ലെ സ.ഉ.(സാധാ.) 249/2022/വനം നമ്പർ ഉത്തരവ്.

6. 21.11.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-5408/2022 നമ്പർ കത്ത്.

7. 25.01.2023 ലെ എ2/98/2019/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

8. 06.02.2023 തീയതിയായി ശ്രീ.എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

സർക്കാർ ഉടമസ്ഥതയിലുള്ള പത്തനാപുരം ടിംബർ ഡിപ്പോയുടെ ചുറ്റുമതിൽ

നിർമ്മാണത്തിനു തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റിയതിൽ ലഭിക്കേണ്ട തുക പത്തനാപുരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അറിവോടെ തിരിമറി നടത്തിയിട്ടുള്ളതായും മറ്റും ആരോപിച്ച് ശ്രീ.എ.അനീഷ്, മാനേജിംഗ് ഡയറക്ടർ എ.ബി. കൺസ്ട്രക്ഷൻ കമ്പനി വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുൻപാകെ പരാതി നൽകുകയും പരാതി സംബന്ധിച്ച് പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ് ഓഫീസർ അന്വേഷണം നടത്തിയതിൽ പത്തനാപുരം ടിംബർ ഡിപ്പോയിലെ ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ പത്തനാപുരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അനുവാദത്തോടെ പരാതിക്കാരനായ ശ്രീ.എ.അനീഷ്, എ.ബി. കൺസ്ട്രക്ഷൻ കമ്പനി മുറിച്ചതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി മരങ്ങൾ മുറിക്കുന്നതിനായി വ്യാജ ക്വട്ടേഷനുകൾ മറ്റ് ആൾക്കാരുടെ പേരിൽ തയ്യാറാക്കുകയും ടി വ്യാജ ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ ശ്രീ.ബഷീർ എന്ന ആളുടെ പേരിൽ വ്യാജ വൗച്ചർ സമർപ്പിച്ച് പത്തനാപുരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.എസ്.പ്രസന്നകുമാർ 42,750/- രൂപയുടെ പണാപഹരണം നടത്തി ഗുരുതര സാമ്പത്തിക തിരിമറി നടത്തിയതായും കണ്ടെത്തിയിട്ടുണ്ടെന്നും കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്ന ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം ടിയാനെതിരെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. കുറ്റപത്രത്തിന് പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് പകരം ടി വിഷയത്തിന്മേൽ ഒരു ഔപചാരിക അന്വേഷണം നടത്തി തന്റെ നിരപരാധിത്വം തെളിയിക്കുവാൻ അവസരം നൽകണമെന്ന് ശ്രീ.എസ്.പ്രസന്നകുമാർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് പരാമർശം (5) പ്രകാരം ഒരു ഔപചാരികാന്വേഷണം നടത്തുകയുണ്ടായി. അന്വേഷണം പൂർത്തിയാക്കി ഔപചാരികാന്വേഷണാധികാരി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്

ശ്രീ.എ.അനീഷ്, എന്നയാൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളയിംഗ് സ്ക്വാഡ് പുനലൂരിന് 16.08.2019-ൽ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ പത്തനാപുരം ടിംബർ സെയിൽസ് ഡിപ്പോയിലെ ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ ഭൂരിഭാഗവും പരാതിക്കാരൻ യന്ത്രസഹായത്തോടെ മുറിച്ചിട്ടതായി കണ്ടെത്തിയിട്ടുണ്ടെന്നും ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി വിസ്തരിച്ച ആറ് പ്രോസിക്യൂഷൻ സാക്ഷികളുടെയും ഒരു പ്രതിഭാഗം സാക്ഷിയുടെയും മൊഴികളും ഹാജരാക്കിയ വിവിധ രേഖകളും ഇതു സംബന്ധിച്ച വിവിധ റിപ്പോർട്ടുകൾ അടങ്ങിയ ഫയലുകളും വിശദമായി പരിശോധനക്ക് വിധേയമാക്കിയതിൽ പത്തനാപുരം ഡിപ്പോ കോമ്പൗണ്ടിലെ മതിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന 19 മരങ്ങളിൽ 13 എണ്ണം പരാതിക്കാരനായ ശ്രീ.എ.അനീഷ് എന്നയാൾ ആണ് മുറിച്ച് മാറ്റിയിട്ടതെന്ന് തെളിഞ്ഞിട്ടുണ്ടെന്നും ആകയാൽ ഒന്നാം ചാർജ്ജ് ഭാഗികമായി തെളിയിക്കപ്പെട്ടിട്ടുള്ളതായും ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ച് അട്ടി വയ്ക്കുന്ന ജോലി ക്വട്ടേഷൻ വ്യവസ്ഥയിൽ ചെയ്ത ശ്രീ.എം.ബഷീർ നൽകിയ രസീതിൽ "paid by me" സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി നല്കിയതിൻ പ്രകാരം 42,750/- രൂപ (നാല്പത്തി രണ്ടായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) (TR 59(C)) കുറ്റാരോപിതനായ ഉദ്യോഗസ്ഥനായ ശ്രീ.എസ്.പ്രസന്നകുമാറിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നതായും

ഈ വസ്തുതകളിൽ നിന്നും രണ്ടാമത്തെ ചാർജ്ജ് തെളിഞ്ഞിട്ടുണ്ടെന്നും മൂന്നാമത്തെ ചാർജ്ജ് ഔപചാരിക അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടില്ലെന്നും ഒന്നാം ചാർജ്ജ് ഭാഗികമായും രണ്ടാം ചാർജ്ജ് പൂർണ്ണമായും തെളിയിക്കപ്പെട്ട സാഹചര്യത്തിൽ നിന്നും ഉത്തരവാദപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള അച്ചടക്കത്തിന്റെയും, സത്യസന്ധതയുടെയും ലംഘനമാണ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എസ്.പ്രസന്നകുമാർ നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നതായും ഔപചാരിക അന്വേഷണ അധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണ അധികാരിയുടെ കണ്ടെത്തലുകൾ അംഗീകരിക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം ( 6 ) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ 26/12/2022-ന് ശ്രീ.എസ്.പ്രസന്നകമാറിനെ നേരിൽ കേൾക്കുകയുമുണ്ടായി.

ശ്രീ.എ.അനീഷ് എന്ന കരാറുകാരൻ അന്നത്തെ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിലാണ് ടി 19 മരങ്ങൾ മുറിച്ചതെന്ന് ടിയാൻ മൊഴി നൽയിട്ടുണ്ടെന്നും എന്നാൽ ടിയാൻ 2018 സെപ്റ്റംബർ 14-ാം തീയതി ഒപ്പിട്ട എഗ്രിമെന്റ് No: 17/2018-19 പ്രകാരം ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനെപ്പറ്റി യാതൊരുവിധ പരാമർശവും നടത്തിയിട്ടില്ലെന്നും, കരാറുകാരനായ ശ്രീ.എ.അനീഷ് ഡിപ്പോയുടെ ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ച വേളയിൽ നിയമാനുസൃതമായി പ്രസ്തുത സ്ഥലം ഏറ്റെടുത്തിരുന്നില്ലെന്ന് ടിയാന്റെ മൊഴിയിൽ നിന്നും വ്യക്തമായിട്ടുണ്ടെന്നും, ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സമായി നിന്നിരുന്ന 19 മരങ്ങൾ മുറിക്കുന്നതിന് ബഹു. കൊല്ലം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അനുമതി നൽകിയത് 2019 മാർച്ച് 19-ാം തീയതി മാത്രമാണെന്നും, ടിയാനെതിരെയുള്ള പരാതി അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിൽ 2021 മാർച്ച് 24-ാം തീയതി പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബഹു. ഫോറസ്റ്റ് കൺസർവേറ്റർ (I&E) അവർകൾക്ക് പി.എഫ്.എസ്.ജി- 57/19 നമ്പരായി സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ കരാറുകാരന് നിയമാനുസൃതമായി അനുമതി വാങ്ങുകയോ ടിയാനെ ആധികാരികമായി ആരും ചുമതലപ്പെടുത്തിയിട്ടില്ലാത്തതായും കണ്ടെത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണെന്നും നേരിൽ കേട്ട വേളയിൽ ശ്രീ.പ്രസന്നകുമാർ വാദിച്ചു.

കൂടാതെ ഈ പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തന്നെ 14-11-2019-ൽ പി.34/2019-ാം നമ്പരായി മേലധികാരത്തിലേക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ അടങ്കൽതുക 42,752/- രൂപയാണെന്നും ടി അടങ്കൽ പ്രകാരം മുറിച്ച് അട്ടിവച്ച വിറകുകൾ 69,920/- രൂപയ്ക്ക് വിറ്റു പോയിട്ടുള്ളതുമാണെന്നും ആയതിനാൽ സർക്കാരിലേക്ക് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, മുകളിൽ ബോധിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലും ടിയാന്റെ മേലധികാരികളുടെ വ്യക്തമായ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണമായി ഉൾക്കൊണ്ട് യഥാസമയം മരങ്ങൾ മുറിച്ച് അട്ടിവച്ച് ലേലത്തിൽ വച്ച് സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടുള്ളതല്ലാതെ നാളിതുവരെ യാതൊരുവിധ സർക്കാർ നഷ്ടവും വരുത്തിയിട്ടില്ലെന്നും, ടിയാന്റെ വാദമുഖങ്ങൾ അംഗീകരിച്ച് നാളിതുവരെ വനംവകുപ്പിൽ നിന്നും യാതൊരുവിധ ശിക്ഷാ നടപടികളും ടിയാന്റെ 32

വർഷത്തെ സേവനത്തിനിടയിൽ ഉണ്ടായിട്ടില്ലെന്നും, ആകയാൽ ടിയാന്റെ മേൽ ആരോപിക്കപ്പെട്ട ആരോപണങ്ങളിൽനിന്നും ഒഴിവാക്കണമെന്നും അന്വേഷണാധികാരിയ്ക്ക് നൽകിയ സത്യവാങ്മൂലത്തിലും നേരിൽ കേട്ടപ്പോഴും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ടിയാനെതിരെയുള്ള ചാർജ്ജുകളിൽ ഒരു ചാർജ്ജ് മാത്രമാണ് പൂർണ്ണമായും അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടുള്ളൂ. രണ്ട് ചാർജ്ജുകൾ ഭാഗികമായും ഒരെണ്ണം തെളിയിക്കപ്പെടാതെയും ഉണ്ടെന്നാണ് കണ്ടെത്തൽ. ചുറ്റമതിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ച് അട്ടി വയ്ക്കുന്ന ജോലി ക്വട്ടേഷൻ വ്യവസ്ഥയിൽ ചെയ്ത ശ്രീ.കെ.എം.ബഷീർ, നൽകിയ രസീതിൽ 'paid by me' സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി നൽകിയതിന് പ്രകാരം 42,750/- (നാൽപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ) (TR 59(C) ) കുറ്റാരോപിതനായ ഉദ്യോഗസ്ഥനായ ശ്രീ.എസ്.പ്രസന്നകുമാറിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതായും കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീ.പ്രസന്നകുമാറിന്റെ വാദങ്ങളുടെയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ടിയാൻ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചതു പരിഗണിച്ചും മറ്റ് അച്ചടക്ക നടപടികൾ ഒഴിവാക്കി, സർക്കാർ നഷ്ടമായ 42,750/- രൂപ ശ്രീ.എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട)റുടെ ഡി.സി.ആർ.ജി.-യിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 കുറപ്പ് 2 പ്രകാരം ഈടാക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർ ശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ച പ്രകാരം സർക്കാർ നഷ്ടം ഈടാക്കുന്നതിന് സമ്മതമാണെന്ന് ശ്രീ.എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരാമർശം (8) പ്രകാരം അറിയിക്കുകയുണ്ടായി.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിൽ നിന്നും വിരമിച്ച ശ്രീഎസ് .പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും സർക്കാർ നഷ്ടമായ 42,750/- രൂപ (നാൽപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി അമ്പതു രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജി-യിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 കുറപ്പ് 2 പ്രകാരം ഈടാക്കി ടിയാനെതിരെ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എസ്.പ്രസന്നകുമാർ , റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ

വിജിലൻസ് വകുപ്പ് (വിജ്. ഇ4/313/2019-വിജ്.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 20-02-2023 10:47:56
സെക്ഷൻ ഓഫീസർ